## പതിമൂന്നാം കേരളനിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം : 360** **06.02.2013-ൽ മറുപടിയ്ക്ക്**

## സൗരോർജ്ജപാനൽ സ്ഥാപിച്ച് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ. ആർ. സെൽവരാജ്<br>ശ്രീ. പാലോട് രവി<br>ശ്രീ. പി.എ. മാധവൻ | ശ്രീ.ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി) |
| (എ) വീടുകളിൽ സൗരോർജ്ജപാനൽ സ്ഥാപിച്ച് വൈദ്യുതി ഉൽപാദിപ്പിക്കുന്ന പദ്ധതിയ്ക്ക് കേന്ദ്ര ഗവൺമെന്റ് അംഗീകാരം നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം ; | (എ) 10000 വീടുകളിൽ 1 കിലോവാട്ട് ശേഷി യുള്ള സൗരോർജ്ജ പാനൽ സ്ഥാപിച്ച് വൈദ്യുതി ഉല്പാദിപ്പിക്കുന്ന പദ്ധതിക്ക് കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ട്. ഒരു പ്ലാന്റിന് ഏകദേശം 53000 രൂപയാണ് കേന്ദ്ര സഹായമായി ഇപ്പോൾ നൽകുന്നത്. |
| (ബി) ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ; | (ബി) ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ താഴെപറയുന്നവയാണ്.<br>(1) ഈ പദ്ധതിയിലൂടെ 10 മെഗാവാട്ട് വൈദ്യുതി അധികമായി ഉൽപാദിപ്പി ക്കുവാൻ സാധിക്കും.<br>(2) ഊർജ്ജം ഉത്പാദിപ്പിക്കുന്ന സ്ഥലത്തുതന്നെ ഉപയോഗിക്കുന്നതുവഴി പ്രസരണ നഷ്ടം ഒഴിവാക്കാവുന്നതാണ്. തന്മൂലം ശൃംഖലാ വൈദ്യുതി വിതരണം കൂടുതൽ ഫലപ്രദമാകും.<br>(3) ഒരു പ്ലാന്റിൽ നിന്നും ദിനംപ്രതി ശരാശരി 4 യൂണിറ്റ് വൈദ്യുതി ഉത്പാദിപ്പിക്കുവാൻ സാധിക്കും<br>(4) ഇൻവർട്ടറിന്റെ ഉപയോഗം നിമിത്ത മുള്ള വൈദ്യുതി നഷ്ടം ഒഴിവാക്കുവാൻ സാധിക്കും. |
| (സി) ഈ പദ്ധതിയുടെ നോഡൽ ഏജൻസി ആരാണ്; വിശദാംശങ്ങൾ എന്തെല്ലാം; | (സി) അനെർട്ടാണ് കേരളത്തിൽ ഈ പദ്ധതി നടപ്പാക്കുന്ന നോഡൽ ഏജൻസി.<br>(എ) പ്രസ്തുത പദ്ധതിയിൽ അംഗങ്ങളാകാൻ ഉദ്ദേശിക്കുന്നവർ മുൻകൂട്ടി നിശ്ചിത അപേക്ഷ സമർപ്പിച്ച് രജിസ്റ്റർ ചെയ്യേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് 500 രൂപയാണ്.<br>(ബി) അനെർട്ട് എംപാനൽ ചെയ്ത കമ്പനികൾ വഴിയാണ് പദ്ധതി നടപ്പിലാക്കേണ്ടത്. |

| | | | |
|---|---|---|---|
| | | | (സി) വർക്ക് ഓർഡർ നൽകി 45 ദിവസത്തിനകം പ്ലാന്റിന്റെ പണി പൂർത്തിയാക്കിയിരിക്കണം.<br>(ഡി) നിശ്ചിത മാനദണ്ഡപ്രകാരമാണോ പണി പൂർത്തിയാക്കിയത് എന്നും അവയുടെ പ്രവർത്തനം തൃപ്തികര മാണോയെന്നും ഗുണഭോക്താവും കമ്പനിയും സംയുക്തമായി നൽകുന്ന രേഖയുടെ അടിസ്ഥാനത്തിൽ സബ്സിഡി തുക അനുവദിക്കുന്നതാണ്. |
| (ഡി) | ഈ പദ്ധതിയിലൂടെ ഒരു ദിവസം എത്ര യൂണിറ്റ് വൈദ്യുതി ഉൽപ്പാദിപ്പി ക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്? | (ഡി) | പ്രതിദിനം 35000 മുതൽ 40000 യൂണിറ്റുവരെ വൈദ്യുതി ഉത്പാദിപ്പിക്കുവാനാണ് ലക്ഷ്യമിടുന്നത്. |

സെക്ഷൻഓഫീസർ